Draft #31 of File 168718/AD A2-3/2021/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 18-Sep-2026 10:31 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണവിഭാഗം - ഡോ. മേരി സെന്റർല പി.എസ് (മുൻ പ്രൊഫസർ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്)-മായി ബന്ധപ്പെട്ട കോടതി കേസുകൾ, സർവകലാശാലയ്ക്ക് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുതലപ്പെടുത്തിക്കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 8374/AD A 2/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2026

---

*പരാമർശം:*-1. 21.08.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് (ഇനം നമ്പർ :105/26.08/168718/AD A 2-3/2021)

**<u>ഉത്തരവ്</u>**

പാലാ അൽഫോൺസ കോളേജിൽ നിന്നും 31.03.2019 തീയതിയിൽ വിരമിച്ച ഡോ. മേരി സെന്റർല പി.എസ്-നെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ, ഇന്റർവ്യൂ തീയതിയായ 30.12.2016 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രൊഫസറായി നിയമിച്ചിരുന്നു. തുടർന്ന് 02.12.2021 തീയതിയിൽ, സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ 31.03.2023 തീയതിയിൽ, സർവകലാശാലാ സർവീസിൽ നിന്നും വിരമിച്ചു.

ഡോ. മേരി സെന്റർല പി.എസ്-ന്റെ മുൻകാല നിയമനത്തിന്റെ അടിസ്ഥാനത്തിൽ, 30.12.2016 മുതൽ 31.03.2019 വരെ എയ്ഡഡ് സർവീസിൽ നിന്നും ടിയാൾ കൈപ്പറ്റിയ ശമ്പളവും, വിരമിച്ച ശേഷം കൈപ്പറ്റിയ പെൻഷൻ ആനുകൂല്യങ്ങളും സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനും, 30.12.2016 മുതൽ 01.12.2021 വരെയുള്ള പ്രൊഫസ്സർ തസ്തികയിലെ ടിയാളുടെ ശമ്പള കുടിശ്ശികയും, ടി തസ്തികയിൽ നിന്നും വിരമിച്ച ശേഷമുള്ള പെൻഷൻ ആനുകൂല്യങ്ങളും, സർവകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരം ടിയാൾക്ക് സർവകലാശാല അനുവദിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിരുന്നു. എന്നാൽ, തനിക്ക് സർവകലാശാലയിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശികയിൽ നിന്നും, എയ്ഡഡ് സർവീസിന്റെ ഭാഗമായി കൈപ്പറ്റിയ തുക കിഴിവ് ചെയ്ത്, ബാക്കി ആനുകൂല്യങ്ങൾ നൽകുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ഡോ. മേരി സെന്റർല പി.എസ്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ, WP(C) No.12604/2025 എന്ന കേസ് ഫയൽ ചെയ്യുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് നിയമോപദേശം ലഭിക്കുന്നതിലെ കാലതാമസം, ഡോ. മേരി സെന്റർല പി.എസ്-ന്റെ മുൻകാല സേവനം പരിഗണിച്ച് സർവകലാശാല നൽകേണ്ടി വരുന്ന പെൻഷൻ

ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള തുക സംബന്ധിച്ച് സർക്കാരിലേക്ക് നൽകിയ വിശദമായ കണക്കുകൾ എന്നിവ വ്യക്തമാക്കി, ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

21.08.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, മേൽ പരാമർശം പ്രകാരം, ചുവടെ ചേർത്തിരിക്കുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"ഡോ. മേരി സെന്റർല പി. എസ് (മുൻ പ്രൊഫസർ, SIRP)-ന്റെ സർവകലാശാലയ്ക്ക് ലഭ്യമാകാത്ത സേവനകാലത്തെ സാമ്പത്തിക ബാദ്ധ്യത സർവകലാശാലയ്ക്ക് വരാത്ത രീതിയിൽ, പ്രസ്തുത വിഷയത്തിന്മേലുള്ള കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിന് സർവകലാശാല സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസറുടെ പി.എ
3. ലീഗൽ സെക്ഷൻ / സ്റ്റാൻഡിംഗ് കൗൺസിൽ
4. ഓഡിറ്റ് / ഫിനാൻസ് / എഫ്.സി.സി
5. എ.ഡി.സി 4/5, ഐ.ക്യു.എ.സി
6. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി
7. എ.സി.സി1/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8. വെബ്സൈറ്റ് / റെക്കോർഡ്സ്

The document is digitally approved. Hence signature is not needed.

Draft #31 of File 168718/AD A2-3/2021/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 18-Sep-2026 10:31 PM - Page 2